(സി) സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്തെല്ലാം ഉത്പന്നങ്ങളാണ് ഇന്ന് വിപണിയിൽ ലഭ്യമായിട്ടുള്ളതെന്നും അവയുടെ ഉത്പാദന വിപണനത്തിനായി എന്തെങ്കിലും ധനസഹായമോ സാങ്കേതിക സഹായമോ നവസംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡിപ്പോസിറ്റ് മെഷീനുകൾ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെ തന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കുവാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ കസ്റ്റമർ കെയർ സെന്ററർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വൈദ്യുതി വിതരണ മേഖലയിലെ സുരക്ഷാക്രമീകരണങ്ങൾ**

219(5378) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽനിന്നും അനുബന്ധ ഉപകരണങ്ങളിൽനിന്നും ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാരിൽ ഏറെയും കരാർ ജീവനക്കാരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരണപ്പെടുന്നവരിൽ സ്ഥിരം ജീവനക്കാരും കരാർ തൊഴിലാളികളും ഉള്ളതായും മരണപ്പെടുന്ന ജീവനക്കാർ/കരാർ തൊഴിലാളികൾ എന്നിവരുടെ എണ്ണത്തിൽ നേരിയ രീതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിന് ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(എ) മരണാനന്തര നഷ്ടപരിഹാരം 1. പ്രായവും മാസവേതനവും അനുസരിച്ച് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം 7,45,275 രൂപ മുതൽ 17,14,050 രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

2. KSEB EWF-ന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപ) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനും മറ്റെല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10,000 രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021 പ്രകാരം)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ അല്ലെങ്കിൽ പ്രത്യേക അവശതാ അവധിക്കോ അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിനിരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും KSEB Ltd.-ന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായവും മാസവേതനവുമനുസരിച്ച് ആശ്വാസധനസഹായവും പൂർണ്ണമായ ചികിത്സാച്ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകൾ**

220(5379) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷനുകളാണ് പ്രവർത്തിക്കുന്നത്; ഈ സെക്ഷനുകളിൽ ഓരോന്നിലും എത്ര കണക്ഷനുകളുണ്ടെന്നറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ 7 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേരുകളും ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. *

(ബി) തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുമായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും സെക്ഷൻ വിഭജിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly